(ഡി) ബി.പി.എൽ.-എ.പി.എൽ. കാർഡ്, സൗജന്യ ചികിത്സാ, വികലാംഗർക്കുള്ള മുച്ചക്രവാഹന വിതരണം, വിവിധ ക്ഷേമ പെൻഷനുകൾ, വൈദ്യുതി കണക്ഷൻ, സ്ട്രീറ്റ് ലൈറ്റ്, പട്ടയം, വസ്തുതർക്കം തുടങ്ങിയ വിഷയങ്ങളിലുള്ള പരാതികളും കൂടാതെ പുനരുദ്ധാരണത്തിനായി അതാത് ജില്ലകളിൽ പൊതുതാല്പര്യമുള്ളതും മുടങ്ങി കിടക്കുന്നതുമായ പദ്ധതികളും പ്രഖ്യാപിച്ചിട്ടുണ്ട്.

ജനസമ്പർക്ക പരിപാടി

43(43) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ജനസമ്പർക്ക പരിപാടികളാണ് ആകെ നടത്തിയിട്ടുള്ളത് ; പ്രസ്തുത ജനസമ്പർക്ക പരിപാടികളുടെ സംഘാടനത്തിനും ഒരുക്കങ്ങൾക്കുമായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട് ;

(ബി) ഏതെല്ലാം ആനുകൂല്യങ്ങളാണ് ഇതിലൂടെ നൽകിയിരുന്നതെന്നും എത്ര പേർക്ക് അവ നൽകിയിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ ;

(സി) ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത് ; അതിൽ എത്രയെണ്ണത്തിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ട് ; ബാക്കിയുള്ളവയിൽ കാലതാമസം വരുന്നതെന്തുകൊണ്ട് ;

(ഡി) പരിഹരിച്ചവ കുറവാണെന്നുള്ളതും പരിഹരിക്കാനുള്ളത് വളരെ കൂടുതലുമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ആനുകൂല്യം നൽകുന്നതിന് കാലതാമസം നേരിടുന്നു എന്നു പറഞ്ഞുതുടങ്ങിയ ജനസമ്പർക്ക പരിപാടിയിലും യഥാസമയം അവ ലഭ്യമാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദവിവരം നൽകുമോ ?

ഉത്തരം

(എ) മൂന്നു ജനസമ്പർക്ക പരിപാടികളാണ് നടത്തിയിട്ടുള്ളത്. ഇതിൽ ഒന്നും രണ്ടും ഘട്ട ജനസമ്പർക്ക പരിപാടകളുടെ സംഘാടനത്തിനും ഒരുക്കങ്ങൾക്കുമായി 9,27,27,264 രൂപ ചെലവഴിച്ചിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ എല്ലാ ജില്ലകളിലും ചെലവ് സംബന്ധിച്ച കണക്കുകൾ ശേഖരിച്ച് വരുന്നതിനാൽ അവ ലഭ്യമായിട്ടില്ല.

(ബി) ചികിത്സാ ധനസഹായം, ബി.പി.എൽ. കാർഡ്, മുച്ചക്രവാഹന വിതരണം, വസ്തു സംബന്ധിച്ച അപേക്ഷകൾ, വായ്പാ ഇളവ്, വീൽചെയർ, മോട്ടോറൈസിഡ് ത്രീവീലർ, പട്ടയം അനുവദിക്കൽ, ക്ഷേമപെൻഷനുകൾ, പോലീസ് സഹായം തുടങ്ങിയ ആനുകൂല്യങ്ങളാണ് നല്കിയിരുന്നത്. ഒന്നും രണ്ടും ഘട്ടങ്ങളിലെ ആനുകൂല്യം സംബന്ധിച്ച് ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. മൂന്നാം ഘട്ടത്തിലെ ആനുകൂല്യം സംബന്ധിച്ച കണക്കുകളിൽ നടപടി സ്വീകരിച്ചുവരുന്നു.

(സി-ഇ) മൂന്നു ജനസമ്പർക്ക പരിപാടികളിലായി 12,32,503 അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്. ഇതിൽ 9,77,309 അപേക്ഷകൾ തീർപ്പ് കല്പിച്ചിട്ടുണ്ട്. (മൂന്നാംഘട്ട ജനസമ്പർക്ക പരിപാടി പാലക്കാട് നടന്നിട്ടില്ലാത്തതിനാൽ ഓൺലൈൻ അപേക്ഷകൾ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ.)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly